**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1585** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വെള്ളറട സാമൂഹിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് മൂലം ഈ ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെയും രോഗീ പരിചരണത്തെയും സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിലയിരുത്തിയിട്ടുണ്ട്. 1961 ലെ സ്റ്റാഫ് പാറ്റേണാണ് സർക്കാരാശുപത്രികളിൽ പിൻതുടർന്ന് വന്നിരുന്നത്. എന്നാൽ 2008 ൽ പി.എച്ച്.സി, 24*7 പി.എച്ച്.സി, സി.എച്ച്.സി തലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം പരിഷ്ക്കരിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും കാലാകാലങ്ങളായി മാറി വന്നിരുന്ന സർക്കാരുകൾ അതാത് കാലയളവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഐ.പി.എച്ച്.എസ് സ്റ്റാൻഡഡൈസേഷൻ പ്രകാരം വിവിധ തലത്തിലുള്ള ആശുപത്രികൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത ആശുപത്രികളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകൾ ഏതൊക്കെയാണെന്നും ഈ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാറശാല താലൂക്ക് ആസ്ഥാന ആശുപത്രി, വെള്ളറട സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിലെ അനുവദനീയ തസ്തികയും ഒഴിവുകളും **അനുബന്ധമായി** ചേർക്കുന്നു..

**(സി)** ഈ ആശുപത്രികളിലെ പ്രവർത്തനം സുഗമമാക്കുന്നതിന് വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി അധികമായി എത്ര തസ്തികകൾ വീതമാണ് പുതുതായി സൃഷ്ടിക്കേണ്ടത് എന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 ഒഴിവുകൾ നികത്തുന്നതിനുള്ള ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഒഴിവുള്ള മറ്റ് തസ്തികകളിൽ ജനറൽ ട്രാൻസ്ഫർ നടപടിക്രമങ്ങൾ

പൂർത്തിയാകുന്ന മുറയ്ക്ക് നികത്തുന്നതുമാണ്.

**(ഡി)** പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിനും നിലവിലുള്ള ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനങ്ങൾ നടത്തുന്നതിനും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രം

| തസ്തികകൾ | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലുള്ളത് | ഒഴിവ്/അഭിപ്രായം |
|---|---|---|---|
| സിവിൽ സർജൻ | 1 | 1 | 0 |
| അസിസ്റ്റന്റ് സർജൻ | 2 | 2 | 0<br>ഒരാൾക്ക് വർക്കിംഗ് അറേഞ്ച്മെന്റ് |
| ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 | 0 |
| ഫാർമസിസ്റ്റ് | 1 | 1 | 0 |
| നഴ്സിംഗ് ഓഫീസർ | 2 | 2 | 0 |
| ലാബ് ടെക്നീഷ്യൻ | 2 | 2 | 0 |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | 1 | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 3 | 3 | 0 |
| പി.റ്റി.എസ് | 1 | 0 | 1 |
| ഹെഡ് ക്ലാർക്ക് | 1 | 1 | 0 |
| ക്ലർക്ക് | 2 | 2 | 0 |
| ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | 1 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| ഡ്രൈവർ | 1 | 0 | 1 |
| ഹെൽത്ത്സൂപ്പർവൈസർ | 1 | 1 | 0 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 | 3 | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 | 0 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10 | 9 | 1 |

## പാറശ്ശാല താലൂക്ക് ആശുപത്രി

| തസ്തികകൾ | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലുള്ളത് | ഒഴിവ് /അഭിപ്രായം |
|---|---|---|---|
| സൂപ്രണ്ട് (അഡീ.ഡി.എച്ച്.എസ്) | 1 | 1 | 0 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 6 | 6 | 0 |
| അസിസ്റ്റന്റ് സർജൻ | 3 | 3 | 0 |

| | | | |
|---|---|---|---|
| കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 | 1 | 0 |
| കൺസൾട്ടന്റ് ജനറൽ സർജൻ | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജൻ | 1 | 1 | 0 |
| കൺസൾട്ടന്റ് ഗൈനക്കോളജി | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റഅ അനസ്തേഷ്യ | 1 | 1 | 0 |
| കൺസൾട്ടന്റ് പീഡിയാട്രിക്സ് | 1 | 0 | 1 |
| ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | 1 | 1 | 0 |
| കൺസൾട്ടന്റ് ഒഫ്ത്താൽമോളജി | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ഒഫ്ത്താൽമോളജി | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ENT | 1 | 1 | 0 |
| ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സ് | 2 | 1 | 1 |
| ദന്തൽ സിവിൽ സർജൻ | 1 | 1 | 0 |
| നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 2 | 1 | 1 | 0 |
| ഹെഡ് നഴ്സ് | 6 | 6 | 0 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1&2 | 25 | 25 | 0 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 | 1 | 1 | 0 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 3 | 3 | 0 |
| റേഡിയോഗ്രാഫർ | 1 | 1 | 0 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | 1 | 0 |
| ഫാർമസിസ്റ്റ് | 4 | 4 | 0 |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 2 | 1 | 1 | 0 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 | 1 | 1 | 0 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 | 0 | 1 |
| ദന്തൽ ഹൈജീനിസ്റ്റ് | 1 | 1 | 0 |
| നഴ്സിംഗ് അസിസ്റ്റന്റ് | 27 | 21 | 6 |

| | | | |
|---|---|---|---|
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 11 | 11 | 0 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 15 | 9 | 6 |
| പാർട്ട് ടൈം സ്വീപ്പർ | 3 | 3 | 0 |
| ലേ സെക്രട്ടറി & ട്രഷറർ | 1 | 1 | 0 |
| സീനിയർ ക്ലർക്ക് | 2 | 2 | 0 |
| ക്ലർക്ക് | 2 | 2 | 0 |
| ടൈപ്പിസ്റ്റ് | 1 | 1 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| ഡ്രൈവർ | 1 | 0 | 1 |
| പ്ലംബർ | 1 | 1 | 0 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 | 1 | 0 |
| എക്സറേ അറ്റൻഡർ | 1 | 1 | 0 |

സെക്ഷൻ ഓഫീസർ